**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3315** | **11.05.2017 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. ഇ.കെ. വിജയൻ**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) | സംസ്ഥാന യുവജനനയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ചുമതല. ഈ ലക്ഷ്യം മുൻനിർത്തി 2017-18 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.<br>കേരളോത്സവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷര യുവത്വം, യുവ മാധ്യമപ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല, ഡി.റ്റി.പി/പി.എസ്.സി ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണം, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീഡിപ്പാർച്ചർ ഓറിയെന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപശാല, സിവിൽ സർവ്വീസ് ഓറിയെന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായനി (രക്തദാന പദ്ധതി). |
| (ബി) | യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് | (ബി) | യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു:- |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതെന്ന്<br>വിശദമാക്കാമോ ? | | 1. ബോർഡിന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളെ ശാക്തീകരിക്കുകയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.<br>2. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ യൂത്ത് ക്ലബ്ബുകളെ ഗ്രേഡ് ചെയ്യുകയും പുതിയ യൂത്ത് ക്ലബ്ബുകളെ ബോർഡിലേക്ക് അഫിലിയേറ്റ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുക.<br>3. കേരളോത്സവം പോലുള്ള ബോർഡിന്റെ പ്രധാന പരിപാടികളിൽ യൂത്ത് ക്ലബ്ബുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.<br>4. യുവജനങ്ങളുടെ ശാരീരികവും മാനസികവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗ്രാമ പ്രദേശങ്ങളിൽ പുതിയ പദ്ധതികൾക്ക് രൂപം നൽകുക.<br>5. മാലിന്യ വിമുക്ത കേരളം എന്ന ആശയത്തിന് അധിഷ്ഠിതമായി, സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>6. ഹരിത കേരളത്തിന് മുൻതൂക്കം നൽകി കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും യൂത്ത് ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.<br>7. യുവാക്കളെ തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽ ദായകരാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ വിവിധ ഏജൻസികളുമായി സഹകരിച്ച് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക.<br>8. ലഹരിവിരുദ്ധ പ്രചാരണ പദ്ധതികൾ നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ